**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1836 — 04.10.2011 - ൽ മറുപടിക്ക്

**പട്ടികജാതി വിഭാഗത്തിന് അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് തദ്ദേശസ്ഥാപനങ്ങൾ വഴി ചെലവഴിക്കാൻ നീക്കിവച്ച തുകയുടെ ഗണ്യമായ ശതമാനം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് / നിയമസഭാ തെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റ ചട്ടം നിലനിന്നത് 2010-11-ലെ ഫണ്ട് വിനിയോഗത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ചെലവഴിക്കാൻ നേതൃത്വം നൽകേണ്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പട്ടികജാതി ഓഫീസറാണോ ;<br>(സി) എങ്കിൽ അവർ പട്ടികജാതി വകുപ്പ് ഡയറക്ടറുടെ കീഴിലാണോ ;<br>(ഡി) എങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അവർക്ക്മേൽ നിയന്ത്രണമില്ലാത്തത് തുക ചെലവ്ഴിക്കുന്നതിന് പ്രതിബന്ധമാകുന്നുണ്ടോ ;<br>(ഇ) തുക വിനിയോഗം സംബന്ധിച്ച യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി ഓഫീസർ പലപ്പോഴും പങ്കെടുക്കാത്തതും തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെമേലുള്ള നിയന്ത്രണക്കുറവ് കാരണ മല്ലേയെന്ന് വ്യക്തമാക്കുമോ ; | (ബി) (സി) (ഡി) & (ഇ) | അല്ല. പ്രത്യേക ഘടക പദ്ധതി പ്രോജക്ടുകൾ പരിശോധിക്കുന്ന ബ്ലോക്ക്തല സാങ്കേതിക സമിതി കൺവീനറാണ് പട്ടികജാതി വികസന ഓഫീസർ. പട്ടികജാതി വികസന ഓഫീസർ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തി ലാണെങ്കിലും കൈമാറി കിട്ടിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഭരണ നിയന്ത്രണമുണ്ട്. |
| (എഫ് എങ്കിൽ തുക വിനിയോഗം ത്വരിതപ്പെടുത്തുന്നതിന് പട്ടികജാതി വകുപ്പുമായി ചേർന്ന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എഫ്) | തുക വിനിയോഗം ത്വരിതപ്പെടുത്തുന്നതി നായി പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ